


# കെ.എം.വി.എച്ച്.എസ്.എസ്

കൊടക്കാട്

# ഇളമൊഴി

ഡിജിറ്റൽ മാഗസിൻ

2018-2019

## കെ.എം.വി.എച്ച്.എസ്.എസ്
## കൊടക്കാട്

ലിറ്റിൽ കൈറ്റ്സ് യൂനിറ്റ്

# ഇളമൊഴി

ഡിജിറ്റൽ മാഗസിൻ
2018-2019

# ആമുഖം

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഇളമൊഴി ഡിജിറ്റൽ മാഗസിനിൽ വിദ്യാർത്ഥികളുടെ സ്കൂൾ കലോത്സവ മത്സരങ്ങളിൽ സമ്മാനിതമായ സൃഷ്ടികളും വിദ്യാർത്ഥികൾ തയ്യാറാക്കിയ കഥ, കവിത, ലേഖനം തുടങ്ങിയവയാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കലോത്സവമത്സരങ്ങളിലെ മികച്ച പെയിൻറിങ്ങുകളും ഇളമൊഴിയിൽ ചേർത്തിരിക്കുന്നു.

## ഉള്ളടക്കം

**പ്രളയം മനുഷ്യത്വത്തിൻറെ ചൂണ്ടുപലകയായി മാറുമ്പോൾ**
*ഭാവന.എം*

**സാന്ത്വനമേകുന്ന കൈകൾക്കായ്**
*(രരരരര*

**കഴിഞ്ഞകാലം**
*ആവണികൃഷ്ണ*

**അവൾതൻ ജീവിതം**
*നീനുകൃഷ്ണ*

**മാനസത്തിലെ തീക്കോൽ**
*അനാമിക മോഹൻ*

**ആരുണ്ടിനിയാ കഥപറയാൻ**
*ആശിഷ് എസ്.എൻ*

**ഒരു കൊച്ചു അനാഥൻ**
*രേവതി ബാബു*

**ആര്? അറിയില്ല**
*പ്രപരപരപര*

**കാലത്തിൻറെ ഇര**
*ഭാവന.എം*

# പ്രളയം മനുഷ്യത്വത്തിൻറെ ചൂണ്ടുപലകയായി മാറുമ്പോൾ

**ഭാവന.എം**
ഒൻപതാംതരം എ



അതിവേഗ സാങ്കേതികവിദ്യയുടെ യുഗത്തിലാണ് നാം ഇന്ന് വസിക്കുന്നത്. ഇവിടെ ലോകത്തെ വിരൽത്തുമ്പിലിട്ടമ്മാനമാടുന്നു. പാരമ്പര്യം സംസ്കാരം എന്നിവ ഭംഗിവാക്കായി മാറുമ്പോൾ കാലത്തേരിലേറി മനുഷ്യജീവിതവും മാറിക്കൊണ്ടിരിക്കുന്നു.

പരസ്പര സഹായത്തിൻറേയും സഹവർത്തിത്വത്തിൻറെയും നന്മയുടെയും ഒരു ഭൂതകാലം. നമുക്കുണ്ടായിരുന്നു. എന്ന് നാം സ്മരിക്കേണ്ട സമയം. അതിക്രമിച്ചിരിക്കുകയാണ്. വേദനയിലും യാതനയിലും നാം മുറുകെ പിടിച്ച നന്മജ്വാല അണഞ്ഞുകൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ മനുഷ്യചെയ്തികളുടെ ഫലമായി നാം അണച്ചുകൊണ്ടിരിക്കുന്നു. നന്മകൾക്ക് നിറം മങ്ങുമ്പോൾ മൂല്യങ്ങൾ പലതും കൈവിട്ടുപോകുന്നു എന്ന പ്രപഞ്ചസത്യം നാം മറന്നുപോകുന്നു. നാളെ എന്ന ചിന്തയിയില്ലാത്തതെ തിന്മയ്ക്ക് നിറം നൽകികൊണ്ടിരിക്കുന്ന വേളയിലാണ് ദൈവത്തിൻറെ സ്വന്തം നാട്ടിലേക്ക് ഒരു ഓർമ്മപ്പെടുത്തലുമായി പ്രളയം

കടന്നുവന്നത്.

ഏതൊരു വിദ്യാലയത്തിൻറെയും നാലുചുവരുകൾക്കുള്ളിൽ നിന്ന് നമുക്ക് ഹൃദ്യമാക്കാൻ സാധിക്കാത്ത ഒരു വലിയപാഠമാണ് പ്രളയം നമുക്ക് പഠിപ്പിച്ചുതന്നത്. ജീവിതകാലം മുഴുവൻ വിയർപ്പൊഴുക്കി സമ്പാദിച്ച സൗഭാഗ്യങ്ങളെല്ലാം വെള്ളം, പ്രകൃതി ഒഴുക്കികൊണ്ടുപോയിരിക്കുന്നു. നാളെ എന്ന ചിന്തയില്ലാതെ സമ്പാദിച്ചതെല്ലാം നിമിഷനേരം
കൊണ്ട് കണ്ടുനിൽക്കെ അപ്രത്യക്ഷമായിരിക്കുന്നു. വിലമതിക്കാനാവാത്ത സ്നേഹത്തിൻറെയും സഹവർത്തിത്വത്തിൻറെയും സഹാനുഭൂതിയുടേയും നന്മയുടേയും ഒരു വലിയ പാഠമായിരുന്നു. മിന്നുന്നതെല്ലാം പൊന്നെന്നും പണമെന്ന കടലാസാണ് എന്തും എന്ന് തീവ്രമായി വിശ്വസിച്ചവരുടെ എരിയുന്ന മനസ്സുകളിലേക്ക് പ്രളയം സമ്മാനിച്ചത്.

പ്രളയം എന്ന മൂന്നക്ഷരത്തിനപ്പുറം ഭൂതകാലം പടുത്തുയർത്തിയ സഹനം, സ്നേഹം, നന്മ എന്നിവയൊക്കെ വർണ്ണത്തിൽ ചാലിച്ച് പ്രതിഫലിക്കുകയാണ്. ഉറ്റവരേയും ഉടയവരേയും നഷ്ടപ്പെട്ട അഭയാർത്ഥിക്യാമ്പിലും നെഞ്ചിൽ നെരിപ്പോടുമായി അന്തിയുറങ്ങിയ എത്രയോ രാവുകൾ. പണമെന്ന കടലാസിൻറെ മൂല്യം ഒന്നുമല്ലെന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങൾ. സ്നേഹത്തിൻറെ, സഹായത്തിൻറെ, നൊമ്പരത്തിൻറെ , നെടുവീർപ്പിൻറെ, സ്വരങ്ങൾ. ഉറങ്ങി ഉണരുമ്പോൾ പാതിവഴിയിലായിപ്പോയ സ്വപ്നങ്ങൾ, ലക്ഷ്യങ്ങൾ..... ജീവിതയാഥാർത്ഥ്യം എന്തെന്ന് മനസ്സിലാക്കി തന്ന നിമിഷങ്ങൾ...

ലോകം ശാസ്ത്രപരമായി വികസിച്ചുകൊണ്ടിരിക്കുന്ന ഈ വേളയിൽപോലും സ്നേഹമെന്ന മതിൽക്കെട്ടിൻറെ തകരാത്ത മുഖങ്ങളെ പ്രളയം നമുക്ക് ഒപ്പിയെടുത്ത് സമ്മാനിച്ചു. ജീവിത പശ്ചാത്തലം, ജീവിതലക്ഷ്യം, ധനികൻ പാവപ്പെട്ടവൻ, ജാതിഭേദമന്യേ രാപ്പകലുകകൾ അധ്വാനിച്ച ധീരതയുടേയും സ്നേഹത്തിൻറേയും വർണ്ണഭംഗിയാർന്ന മുഖങ്ങൾ.

ജീവിതമെന്തെന്ന് തിരിച്ചറിഞ്ഞു ആയുഷ്ക്കാലത്തിൽ എന്നും സ്മരിക്കാൻ കഴിയുന്ന പുണ്യത്തിൻറെ തീവ്രത എത്രമാത്രമാണെന്ന് പ്രളയം ഒരു ചൂണ്ടുപലകകയായി കാണിച്ചുതരുന്നു.

മത്സ്യത്തൊഴിലാളികൾ സന്നദ്ധസംഘടനകൾ പ്രദേശവാസികൾ ധീരതയും സ്നേഹവും കൈവെടിയാത്ത ജനത ഇന്ത്യയിലെ കരസേനേന , വ്യോമസേന, നാവികസേന, അതുപോലെ അറിയപ്പെടാത്ത രക്ഷാപ്രവർത്തകർ അവരേയും നാം സ്മരിക്കുകതന്നെ വേണം.

പ്രളയം നമ്മെ വിഴുങ്ങുമ്പോഴും പിടിയിടറാതെ കാത്തുസൂക്ഷിച്ച നന്മയുടെ സ്നേഹത്തിൻറെ കരങ്ങൾക്ക് പ്രണാമം. പഠനത്തിൻറെ മാധുര്യം നുകരാൻ വിദ്യാലയ ചുവരുകൾക്കുൾക്കുള്ളിലേക്ക് കടന്നുചെന്ന കുരുന്നുകൾക്ക് പ്രളയം സമ്മാനിച്ചത് കൈപ്പേറിയ ഓർമ്മകളായിരുന്നു.

ജീവിത സുഖത്തിന് പിറകെ ഓടിച്ചെല്ലുന്ന ഒരു ഓട്ടക്കാരനായിരുന്നു കേരളജനത. ഇന്ന് നന്മയുടെ അണയാത്ത തിരിനാളം അല്ലെങ്കിൽ

സ്നേഹത്തിൻറെ നെടും തൂൺ ഊട്ടിഉറപ്പിക്കുകായണ് പ്രളയമെന്ന വലിയ വിപത്തിലൂടെ. ഒന്നല്ല പ്രളയത്തെ അതിജീവിക്കാൻ ആവിഷ്കരിച്ചതും നടപ്പിലാക്കിയതുമായ ഒട്ടനേകം ദുരിതാശ്വാസ നിധികൾ. ഒരു നേരത്തെ അന്നത്തിനുപോലും വകയില്ലാത്ത പാവപ്പെട്ടവനെന്ന് നാം മുദ്രകുത്തിയ പലരും നൽകിയിരുന്നു കണ്ണീരിൽ കുതിർത്ത നാണയത്തുട്ടുകൾ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രാർത്ഥനയുടെ നിശ്ചയബോധത്തിൻറെ ശുഭാപ്തിവിശ്വാസത്തിൻറെ തോരാമഴയായിരുന്നു പ്രളയ സമയത്ത് പെയ്തിറങ്ങിയത്.

സ്വാർത്ഥ ചിന്തേന ഒരു തീവണ്ടിപോലെ ഓടിക്കൊണ്ടിരിക്കുന്ന കേരളത്തെ പ്രളയം പിടിച്ചുലച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദിത്തം എന്ന ആറക്ഷരം കൈചൂണ്ടുന്നത് നമ്മിലേക്ക് തന്നെയാണ്.

അമ്മയെ കാണാതെ കരയുന്ന ഒരു പിഞ്ചുകുഞ്ഞിൻറെ നിഷ്കളങ്കത കേരവൃക്ഷങ്ങളുടെ നാടിന് അല്ലെങ്കിൽ ദൈവത്തിൻറെ സ്വന്തം നാടിന് മലയാളം മറക്കുന്ന മലയാളി എന്ന് മുദ്രപതിക്കപ്പെട്ട കേരള ജനതയ്ക്കും നാനാത്വത്തിൽ ഏകത്വം എന്ന് അഭിമാനത്തോടെ വിളിക്കുന്ന ഭാരതത്തിനും ഹൃദ്യമാക്കുവാൻ സാധിക്കുന്നു.

പ്രളയം നൽകിയ കൈപ്പേറിയ ഓർമ്മകൾ പകർന്നു നൽകുന്നത് അല്ലെങ്കിൽ പറയാതെ പറയുന്നത് ഒന്നുമാത്രമാണ്. നാനാത്വത്തിൽ ഏകത്വം എന്നതിൻറെ പ്രൗഡി.

ജാതിഭേദം മതദ്വേഷം<br>
മേതുമില്ലാതെ സർവ്വരും<br>
സോദരത്വേന വാഴുന്ന

മാതൃകാസ്ഥാനമാണിത്. എന്ന് അഭിമാനത്തോടെ അതിലേറെ ആനന്ദത്തോടെ ശ്രീനാരായണ ഗുരുവിൻ വചനങ്ങൾ കേരളീയർക്ക് ഏറ്റുപറയാം. ഒരു തിമിംഗലം പോലെ പ്രളയം ആഞ്ഞടിച്ചപ്പോൾ യാതൊരു വേർതിരിവും കൂടാതെ ജാതിഭേദമന്യേ കൈകോർത്തവരായിരുന്നു നമ്മൾ.

കടപുഴകി വീണ മരത്തിൻറെ ശാഖകൾ തളിർക്കുമെങ്കിൽ ടിഷ്യുകൾച്ചർ പോലെ ഒരു കോശത്തിന് ഉണ്ടാക്കിയെടുത്ത അനേകമനേകം സസ്യങ്ങളെപ്പോലെ ദൈവത്തിൻറെ ഉദ്യാനത്തിൽ തളിർത്തുവരികയാണ് മലയാളികൾ പ്രളയമെന്ന പ്രതിസന്ധിയെ കേരളം തരണം ചെയ്യുമെന്ന ശുഭാപ്തിവിശ്വാസത്തോടെ ഉണരുന്നവരാണ് നമ്മൾ. ഒരു ഫിനിക്സ് പക്ഷിയെപ്പോലെ കേരളവും ഭാരതത്തിന് അല്ലെങ്കിൽ ലോകത്തിന് തന്നെ ഉദാത്ത മാതൃകയായി ചിറകടിച്ചുയരും.

# സാന്ത്വനമേകുന്ന കൈകൾക്കായ്

ഞാൻ തേടുന്നു അതിനുവേണ്ടി
സാന്ത്വനമേകുന്ന കൈകൾക്കുവേണ്ടി
ഓരോ നേരത്തും കാത്തിരുന്നു
സ്നേഹം നൽകുന്ന ഹൃദയത്തിനുവേണ്ടി
പക്ഷെ, ഒരിളം കാറ്റുപോലെ
എന്നെ തഴുകി എങ്ങോ പോയി
പക്ഷെ, ആ കാറ്റിൽ
ആരെന്നില്ലാതെ അകന്നുപോയി
മനുഷ്യജീവനുകൾ ആർത്തിരമ്പി
കേണു കേണു ജീവനുവേണ്ടി
കേരളം ഒരു കിളിയെപ്പോലെ
അകന്നുപോയി, നിശ്ചലമായിപ്പോയി
ഒരു പൂമ്പാറ്റയെ പോലെ
പാറിപറന്നുപോയ് മനുഷ്യർ
കാവലാളാകാൻ, ഒരു അഭയം നൽകാൻ
എന്താണിത്?
ഓർക്കുക, അഭയത്തിനായ് പാറിപ്പറന്നു
ആ പൂമ്പാറ്റകൾ
ജാതിയില്ല, മതമില്ല എന്ന തോന്നലുമായ്
അഭയം നൽകാനായി എത്തി
ആ മനുഷ്യർ
രക്ഷിക്കാനായ്, സ്നേഹിക്കാനായ്
അഭയം നൽകാനായ്



# കഴിഞ്ഞ കാലം


ചെറുമൂല എന്നു വിളിപ്പേരുള്ള ഒരു കൊച്ചു നാട് വയലുകളും ,പുഴകളും, കുന്നുകളും ഉൾകൊളളുന്ന പ്രകൃതി രമണീയ മായ നാട് .150 ഓളം പേരടങ്ങുന്ന ആ നാട്ടിലെ ഒരു കൊച്ചു കൊച്ചു സൗന്ദര്യ ഭംഗികളാണിവ .ശ്രീമൂല എന്ന് പണ്ട് കാലത്ത് അറിയപ്പെട്ടിരുന്ന ആ നാട്ടിൽ അന്നും ഇന്നും സന്തോഷവും സമൃദ്ധിയും മാത്രമേ ഉണ്ടായിരുന്നുള്ളു.ഇത് ചെറുമൂല എന്ന നാട് പറയുന്ന കഥയാണ്.ഐശ്വര്യത്തിന്റെ നാടായതു കൊണ്ടാവാം ശ്രീ ഭഗവതി എന്നെയും എന്റെ മക്കളെയും ഇതുവരെ കൈവിട്ടിട്ടില്ല.ഐശ്വര്യത്തിൽ നിന്നും ഉടലെടുത്ത എന്നെ ശ്രീമൂല എന്ന് പണ്ട് അറിയപ്പെട്ടിരുന്നു. എന്നാൽ അതിന്ന് ചെറുമൂല എന്നായി ചുരുങ്ങി. പഴയകാല സംസ്കാരവും ,തനിമയും, ജീവിതരീതിയും, ഇന്ന് എൻറെ നാട്ടിൽ മറഞ്ഞു പോയികൊണ്ടിരിക്കുകയാണ്. ആധുനിക മനുഷ്യൻറെ സ്വാർത്ഥതയ്ക്ക് ഇരയായ ഈ ഭൂമി അധികകാലം നിലനിൽക്കില്ല.

പഴമക്കാരുടെ വിശ്വാസവും ജീവിതരീതിയും ഇന്ന് എൻറെ നാട്ടിൽ ഉള്ളത് പോലെ എവിടെയും പാടേ മറഞ്ഞിരിക്കുന്നു. കാലത്തിൻറെ കയ്യൊപ്പുകൾ ബാക്കിവെച്ചുപോയ കുറച്ച് അവശിഷ്ടങ്ങൾ മാത്രമാണ് ഇവിടെ ഈ ബാക്കിയുള്ളത്. ഇനി ആ കഴിഞ്ഞ കാലം തിരിച്ചുകിട്ടില്ലല്ലോ എന്നാൽ ആശങ്കയാണ് എൻറെ മനസ്സിൽ. എൻറെ സ്വപ്നങ്ങളും പ്രതീക്ഷകളും എല്ലാം മക്കളായിരുന്നു. എനിക്ക് ലഭിക്കാൻ കഴിയാത്തത് ഞാൻ എൻറെ മക്കളിലൂടെ നേടിയെടുക്കാൻ ആഗ്രഹിച്ചു. വികസനത്തിൻറെയും സ്വാർത്ഥതയുടെയും ജീവിക്കുന്ന എൻറെ മക്കൾ അതിന് അടിമയായി. നിങ്ങൾക്കറിയാമോ? മൊബൈൽ ടവറുകളും മറ്റു കെട്ടിടങ്ങളും കെട്ടാൻ അവർ എന്നെ തന്നെ ബലിയാടായി കൊടുക്കുന്നു. ഇതെല്ലാം അമ്മയായ ഭൂമി ഉള്ളിൽ അങ്ങേയറ്റം സങ്കടത്തോടെ അടക്കി പിടിച്ചിരിക്കുകയാണ്. ആ കലി എന്ന്? എങ്ങനെ? എന്തിന്? പുറത്തുചാടുന്നത് എന്നറിയില്ല. പാവങ്ങൾ! എൻറെ മക്കൾക്ക് ഇതൊന്നും അറിയില്ല. എൻറെ ആയുസ്സ് കുറഞ്ഞുകുറഞ്ഞുവരുന്നു. ഇതിനെയൊക്കെ ഒടുക്കം എങ്ങനെയായിരിക്കും? ലോകപ്രശസ്തരായ പ്രതിഭകൾ കളിച്ചുവളർന്ന മണ്ണാണ് എൻറേത്. എന്നിട്ടും.... എൻറെ സുഖങ്ങളും ദുഃഖങ്ങളും ഞാൻ എൻറെ മക്കളോടൊത്ത് പങ്കിട്ടുമായിരുന്നു. അതൊക്കെ പണ്ട്.... ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ചയോടെ ഞങ്ങളൊക്കെ പിന്നിലായി. പക്ഷേ ഇതിനൊക്കെ ഇരയാകുന്നത് പ്രകൃതിദത്തമായ നെൽവയലുകളും കുന്നുകളും മറ്റുമാണ്. എന്ത് ദ്രോഹമാണ് അവ മനുഷ്യർക്ക് ചെയ്യുന്നത്. എൻറെ ഉറ്റസുഹൃത്തുക്കളായ ചെറുമീനുകളും പറവകളും എവിടെ പോകും? ഇവരെല്ലാം മനുഷ്യൻറെ സ്വാർത്ഥതയ്ക്കും ദുരാഗ്രഹത്തിനും ഇരയായ പാവങ്ങളാണ്. എൻറെ മക്കൾക്ക് നേർവഴി കാട്ടിക്കൊടുക്കാൻ പ്രാർത്ഥിക്കുന്ന ഞാൻപോലും അവരെ വെറുത്തിരിക്കുന്നു. ഹാ.... ഇനി കഴിഞ്ഞ കാലം എങ്ങനെ തിരികെ കിട്ടും ദൈവമേ!!!

*– ആവണി കൃഷ്ണ*

# അവൾ തൻ ജീവിതം

ഏതോ ഒരു വിളി കാതിലിന്ന്
എൻറെ മനസ്സിനെയാകെ ഇളക്കിയിന്ന്
ജീവൻറെ പാട്ടുകൾ അകലുന്നിതാ
വെൺനിറമാർന്ന അവളുടെ മിഴിയിൽ നിന്ന്;
അവളുടെ മാറിൽ വിരിച്ചതാ സാരിതൻ-
തുമ്പിൽ പിടിയുന്നിതാ കൊച്ചുജീവൻ.
പലതും കടക്കുന്നൊരാ വഴിതെരുവിൻ
തൻ പൂർണ്ണമാം അവളുടെ ലോകം.
കാണുന്നു പലതും അവളുടെയാ-
ദയനീയമായ കൊച്ചു സ്വരം.
നോക്കുന്നതല്ലാതെ അവരാരും തന്നെയാ-
കൊച്ചിന് നൽകുന്നില്ലൊന്നും.
അങ്ങനെ ഞാനുമെൻ കൂട്ടരുമൊന്നിച്ച്
ചുറ്റി നടക്കണ നേരം.



*കണ്ടുഞാൻ അവളുടെ ശോകങ്ങളൊക്കെയും*
*വേഗമവളെ പിടിച്ചു നമ്മൾ.*
*ആദ്യമവൾക്കു നാം നൽകിയൊരു*
*വസ്ത്രം തൻ നഗ്നത മറയ്ക്കുവാനി–*
*സന്തോഷം കണ്ടവൾ നീറുന്നതിന്നിതാ*
*കാണുന്നു ഞാനെൻറെ മിഴികളാലിന്ന്.*
*നമ്മളിന്നവളുടെ ജീവൻറെ തുമ്പില്*
*ആടിയുലയുകയാണ്.*
*കുട്ടി ഞാൻ അവളെയെൻ ജീവിതത്തിൽ*
*ഒരു സ്നേഹകുടുംബമാം എന്നിലേക്ക്.*
*അവളുമായി ജീവിതം നയിക്കുന്നിതാ ഞാൻ*
*സന്തോഷത്തോടെ സുഖത്തോടെ.*
*ഇന്നെൻറെ ജീവിതത്തിൽ വിളക്കായവൾ*
*കത്തിജ്വലിച്ചു നിറഞ്ഞ നിൽക്കുന്നിതാ....*

*– നീനു കൃഷ്ണ*

# മാനസത്തിലെ തീക്കോൽ





ജനനിയെ പിരിഞ്ഞയിന്നലെകളിൽ
എൻ മാനസത്തിലൊരു തീക്കോലുരഞ്ഞപോൽ,
മനസിനിരുൾ കോണിലെ  എരിഞ്ഞിടുന്ന
ഒരു ജ്വാലയാണമ്മേ നീ...
ഉച്ചയായതേയുള്ളൂ ഇനിയുമുണ്ട്
എൻ പാതി ജീവിതം കഴിച്ചുകൂട്ടാൻ...
നീ തന്നെ സ്നേഹ നൈർമല്യമാണ്
അഭയമായിന്നെൻ മാനസ വീഥിയിൽ
എൻറെ ഹൃത്തടത്തിലെ വില്ലായ് ഒ-
രാഘാതമാകുന്നു നിൻ സ്മരണകൾ,

*മാനസത്തിൻറെ നൈരാശ്യം*
*എങ്ങനെ തീർക്കണമെന്നറിയില്ലതാനും...*
*ചോദിക്കുന്നു ഞാനെന്നോട് തന്നെ*
*പലവട്ടം ഈ ചോദ്യം...*
*നീയെന്ന ഇനൻ ഇന്നലെ പൊലിഞ്ഞുപോയി,*
*എന്നാലുമൊരു താരാപഥമായി നിൻ സ്മരണകൾ*
*അന്ധകാരത്തെ അകറ്റിയ അമ്മവിളക്കേ...*
*പൊലിയില്ല ആ സൂര്യാംശുദീപ്തം...*
*ഉരുകിത്തീർന്ന മെഴുകുതിരിയായ്*
*ജീവിതം വെടിയാനായൊരു വെമ്പൽ,*
*അശ്രുകണങ്ങളായി ഒഴുകുന്നതെല്ലാം*
*നീ തന്ന സ്നേഹത്തിനു പകരമാകുമോ?*
*തിരികെയണയില്ല നീ... എന്നാലും...*
*നിൻ നറുമുത്തങ്ങൾ...അമ്മഹത്താം*
*ലാളനയേറ്റു വാങ്ങിയതെൻ പുണ്യമോ?*
*അതോയെൻ പൂർവ്വജന്മ സുകൃതമോ?*
*അറിയില്ല... നിൻറെ അകൽച്ചയറിയുന്നു ഞാൻ,*
*വിധിയെ മറികടക്കാൻ പ്രാപ്തനല്ല,*
*എന്നാലുമെൻ നയനത്തിലെരിയുന്നു തീക്കോൽ...*

*-അനാമിക മോഹൻ*

# ആരുണ്ടിനിയാ കഥ പറയാൻ

ഈസംഭവംഎവിടെയാണ
ന്നോ,എങ്ങനെയാണെന്നോ
അറിയില്ല.
എന്നാലൊന്നറിയാം,ഈ
സമതലത്തിൽ
ചെഞ്ചോരയുടെ
മണംവീറോടെപരക്കുകയാണ്.
എത്രയോ
വീരബാഹുജന്മാരുടെ രക്തം
ആ മണ്ണിൽ
കലർന്നിരിക്കണം
.വയലേലയിൽ
ചാട്ടവാറടി ശബ്ദം
പ്രതിധ്വനിച്ചു കേൾക്കാം.
''യോ തമ്പ്രാ തല്ലല്ലേ,
വീട്ടില് നാഴി അരിക്ക് വേണ്ടി
തെണ്ട്വാ ഞാനും ഓളും
മക്കളും.'' യൗവ്വനം
വിട്ടുമാറാത്ത ആ ശരീരത്തിൽ
പാടെ നീര് വെച്ചിരിക്കുന്നു.

ഇങ്ങനെ എത്രയെത്ര
യുവത്വങ്ങൾ പാടത്തെ
വെയിലിനും ക്രൂര
മർദ്ദനങ്ങൾക്കും ഇരയായി
ജീവിക്കുന്നു.'' കർഷക
സഖാക്കളെ, ഇത് എത്രനാൾ
നമുക്ക് പിടിച്ചുനിൽക്കാൻ
കഴിയും? ഈ തോട്ടുകര എന്ന
സ്ഥലത്ത് നടക്കുന്ന
അനീതികൾക്കെതിരെ
പ്രതിഷേധിക്കേണ്ടിയിരിക്കുന്നു.
തോട്ടുകരയിലെ കർഷക
നേതാവ് രമണനാണ്
പറയുന്നത്. അതെ നമ്മൾ
പ്രതിഷേധിക്കണം.'' അങ്ങനെ
അവർ പ്രതിഷേധത്തിന്
തയ്യാറായി. ആയുധം ഇല്ല,
എതിരാക്രമണം ഇല്ല. ഇനി
അവർ പാടത്ത്
പണിയെടുക്കില്ലെന്ന്
പ്രതിജ്ഞയെടുത്തു. ജന്മിമാർ
ആശയക്കുഴപ്പത്തിലായി.
അവർ കർഷക
കൂട്ടത്തിനെതിരെ

ആക്രമിച്ചു.തോട്ടുകരയിതാ ഒരു
അക്രമണ ഭൂമിയായി
ഇരിക്കുന്നു. നാനാഭാഗങ്ങളിലും
ജീവനറ്റ മനുഷ്യശരീരങ്ങൾ
ചിതറിക്കിടക്കുന്നു. ആ
സമതലം കർഷകരുടെ
എല്ലുകൾ പൊടിഞ്ഞ്
വെളുത്തിരിക്കണം. ഒരു
മനുഷ്യൻ, എല്ലാറ്റിനെയും
അതിജീവിച്ച ആ മനുഷ്യൻ
ഇതെല്ലാം കണ്ട് വിങ്ങിപ്പൊട്ടി.

അയാൾ ആത്മഹത്യ ചെയ്തു
സ്വയം ബലിയാടായി.
ജന്മിമാർ നാട്ടുവിട്ടു. ആ
നിശ്ചലമായ ഭൂമിയുടെ കഥ
പറയാൻ ഇനി ആരുണ്ട്.
കാറ്റോ? കാട്ടരുവികളോ?
ഇതിനുത്തരം വായുവിൽ
പറന്നുനടക്കുന്നു. അതെ. ആ
പ്രദേശത്തിന് ശവ ഭൂമിക്ക്
അശരീരിയായി സ്വന്തം കഥ
പറയണം.

*–ആശിഷ് എസ് എൻ*

# ഒരു കൊച്ചു അനാഥൻ



കണ്ടു ഞാൻ എൻ കണ്ണുകളിൽ

ഒരനാഥയാം കുഞ്ഞിൻ കരിച്ചിൽ

കളിയും ചിരിയും ഒതുക്കി

കുഞ്ഞിൻ കണ്ണിൽ കണ്ണീർ മാത്രം

വിശപ്പും ദാഹവും സഹിച്ചവനലയുന്നു.

നാടിൻ കോണുകളിലെല്ലാം സങ്കടം കൊണ്ടു ഞാൻകോരി-

പുണർന്നു.പാവമാം കുഞ്ഞോമനയെ

**വാരിക്കൊടുത്താ കുഞ്ഞിനു ഞാൻ**

**വയറു നിറച്ചും ആഹാരം**

**ആഹാരം കണ്ടവൻ ആർത്തിയോടെ**

**വാരി കടിച്ചതെല്ലാം**

**സന്തോഷം കൊണ്ടെന്റെ കണ്ണു നിറഞ്ഞു**

**എൻ മനസ്സിൽ ആയിരം പൂക്കൾ വിടർന്നു**

**ആ പാവമാം അനാഥ കുഞ്ഞിനു**

**നൽകീ ഞാനൊരഭയം**

**പാവമാം കുഞ്ഞിൻറെ കൊച്ചു കണ്ണുകളിൽ**

**അന്നു ഞാൻ കണ്ടു സന്തോഷം**

**അഭയമാണഭയമാണഅഭയമാണ്**

**ഈ ലോക പുണ്യകർമ്മം അഭയമാണ്**

**വസ്ത്രം നൽകി ഞാൻ കൊച്ചനാഥയന്**

**നഗ്നയാം അവൻ അവൻറെ ദേഹം മറച്ചു.**

**ജീവിക്കാനായവൻ പാടുപെട്ടപ്പോൾ**

**അഭയം നൽകിയാ കൊച്ചനാഥന്**

**ജീവിതം എന്തെന്ന് അറിഞ്ഞു ആ കൊച്ചനാഥയർ**

**ആസ്വദിച്ചങ്ങു കഴിഞ്ഞു.**

***-രേവതി ബാബു***

# ആര് ?അറിയില്ല....

തമസ്സിനൊരു കോണിൽ

അകപ്പെട്ട ഏകാകിയായിരിക്കവേ:

മാനസ വീഥിയിൽ വിഷാദമായി, ആനന്ദമായി

ആ മുഖം വന്നുദിക്കവേ,

ഇടശ്ശേരി തൻ പൂതപ്പാട്ടിലെ

നങ്ങേലിയായിരുന്നില്ലേ ഞാൻ!

ഏകാന്തത, കുറ്റൻ തിരയായി

വിഴുങ്ങുമോ?

ചോദ്യചിഹ്നമായി!...

പകുതി വരച്ചിട്ട വർണ്ണ ഭംഗിയാർന്നൊ-

രു ചിത്രശാല ജീവിതമൊഴുകവേ....

ആ വദനം മാനസ താളിൽ മൃഗശാ-

ലയായി പ്രതിഫലിക്കുന്നു പോൽ!

ജനൻ അണയുന്ന മാത്രയിൽ

ഉട്ടംപക്തിയിൽ ചിരിക്കുന്ന പോലെ

ആ മുഖം രോക്ഷമായി മാറിയത്,

പൊട്ടിച്ചിരിച്ചത്, സാന്ത്വനമായത്

ആരത്? വന്നതെവിടെനിന്നൊ–തമസ്സിനൊരു കോണിൽ
അകപ്പെട്ടു ഏകാകിയായിരിക്കവേ:
മാനസ വീഥിയിൽ വിഷാദമായി, ആനന്ദമായി
ആ മുഖം വന്നുദിക്കവേ,
ഇടശ്ശേരി തൻ പൂതപ്പാട്ടിലെ
നങ്ങേലിയായിരുന്നില്ലെ ഞാൻ!
ഏകാന്തത, കൂറ്റൻ തിരയായി
വിഴുങ്ങുമോ?
ചോദ്യചിഹ്നമായി!...
പകുതി വരച്ചിട്ട വർണ്ണ ഭംഗിയാർന്നൊ–
രു ചിത്രശാല ജീവിതമൊഴുകവേ....
ആ വദനം മാനസ താളിൽ മൃഗശാ–
ലയായി പ്രതിഫലിക്കുന്നു പോൽ!
ജനൻ അണയുന്ന മാത്രയിൽ
ഉട്ടംപക്തിയിൽ ചിരിക്കുന്ന പോലെ
ആ മുഖം രോക്ഷമായി മാറിയത്,
പൊട്ടിച്ചിരിച്ചത്, സാന്ത്വനമായത്
ആരത്? വന്നതെവിടെനിന്നൊ–
ക്കെ പല മാത്ര ചോദിച്ചതാണു–
ഞാനെന്നോട് തന്നെ... അതിനു–
ത്തരം ശൂന്യമായി

അപരിചിതമെന്നാണ–

തിനുത്തമം

"ജനനീ" എന്ന മൂന്നക്ഷരം ഉൾ

കൊന്ന അവൾ ആര്?

ഞാനെന്ന മർത്ത്യന്റെ മനസ്സിൽ

വാർ മതിയോ, ആദിത്യ ശോഭയോ?

ജീവിതം കാലനായപ്പോൾ,

മനുഷ്യത്വത്തിന്റെ അണയാത്ത തിരി–

നാളമായവളാര്?

കടപ്പെട്ടിരിക്കുന്നു ഞാൻ ഒരുപാട്

ഇന്നു ഞാൻ വൃദ്ധസദനത്തിൻ കോണി–

ലും പുഞ്ചിരിതൂകുന്നുയെങ്കിൽ

ആ സാന്ത്വന കരസ്പർശം പൊ–

ട്ടിച്ചിരിക്കണമെന്നാഗ്രഹിക്കുന്നു ഞാൻ

ജീവിതം എന്നെ കാലനിരയാക്കിയപ്പോൾ

അജനമായി ആ മുഖം പ്രതിഫലിച്ചല്ലോ....

എൻ മിഴിയിലെ ആനന്ദമായി ആ മുഖം

# കാലത്തിൻറെ ഇര

കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന വയൽ വയലിനെ കീറിമുറിച്ച് തെക്കുവടക്ക് പായുന്ന ചെമ്മൺപാത. കുത്തിയൊലിക്കുന്ന കൈത്തോട്. തോടിൻറെ ഓരത്ത് കൈകോർത്ത് നിൽക്കുന്ന കൈതത്തലപ്പൂക്കൾ. വയലോരത്ത് ചെറിയ മൺ കുടിലുകൾപ്രകൃതിയുടെ മാറിൽ കൈ പിടിച്ചു നിൽക്കുന്നു.

നേരം സായം സന്ധ്യ. പതിവു പോലെ എല്ലാം ശാന്തം. വീടിൻറെ ഉമ്മറത്തിണ്ണയിൽ ചൂളിപ്പിടിച്ചിരിക്കുകയായിരുന്ന ഗൗരി, വിദൂരതയിലേക്ക് തൻറെ ദൃഷ്ടിയെ കേന്ദ്രീകരിക്കുകയായിരുന്നു. പടിഞ്ഞാറൻ ചക്രവാളത്തിൽ സൂര്യൻ വട്ട പൊട്ടു പോലെ. കിളികളുടെ കലപില നാദം. പെട്ടെന്നാണ് തുരുമ്പു പിടിച്ച ഗെയിറ്റിന്റെ ഉരസൽ ശബ്ദം അവളുടെ കാതുകളിൽ മുഴങ്ങിയത്.ഗൗരി ഉമ്മറത്തിണ്ണയിൽ നിന്ന് ഒന്ന് എത്തിനോക്കി



കൊണ്ട് ചോദിച്ചു. "ആരത്"? അമ്മയെ കാത്തിരിക്കുന്ന ആ പതിനഞ്ചുകാരിക്ക് ആ നേരത്ത് കൂടുതലൊന്നും പറയുവാൻ/ ചോദിക്കുവാൻ സാധിച്ചില്ല. തികച്ചും അപരിചിതം. തമസിന്റെ മറവിൽ ആ രൂപങ്ങൾ അടുത്തടുത്ത് വരുന്നതായി അവൾക്ക് തോന്നി. മാനത്തുനിന്ന് ആവേശത്തോടെ ഉണ്ണി മഴ കുന്നിൻ ഇപ്പുറത്ത് പെയ്തിറങ്ങിയിരുന്നു. കുന്നിൻ പുറത്ത് തീപ്പെട്ടി കമ്പനിയിൽ തുച്ഛമായ വേതനത്തിന് ദീർഘനേരം പണിയെടുക്കുന്നവളാണ് ഗൗരിയുടെ അമ്മ. സാധാരണക്കാരിൽ സാധാരണയായി ജീവിക്കുന്നവൾ. നേരം ഇരുട്ടും തോറും അമ്മയുടെ മനസ്സിലെ നെരിപ്പോട് കത്തിയെരിയുകയാണ്. ചെമ്മണ്ണ് പാറുന്ന ചെമ്മൺപാതയിലൂടെ അമ്മ ദ്രുതിയിൽ ഓടുകയാണ്. കാരണം തൻറെ മകൾ ഒറ്റപ്പെട്ട ആ വീട്ടിൽ തനിച്ചാണെന്നത് അമ്മയെ സംബന്ധിച്ചടുത്തോളം ഒരു നെഞ്ചിലെ നെരിപ്പോട് തന്നെയായിരുന്നു. ആ നേരത്ത് ഭൂമിയോളം ക്ഷമിക്കാനൊന്നും അമ്മയ്ക്ക് സാധിക്കുമായിരുന്നില്ല. ഈ ഓട്ടം അമ്മയുടെ ജീവിതയാത്രയിലെ ഒരു ദിനചര്യ

ആയിരുന്നു. ഓടി വീട്ടിലെത്തിയ അമ്മ മുറ്റത്തെ റോസാ ചെടിയെ ഒന്ന് രൂക്ഷമായി വീക്ഷിക്കുകയായിരുന്നു. റോസാചെടിയുടെ കുഞ്ഞിതളുകൾക്കിടയിൽ ജലം പളുങ്കുമണികൾ പോലെപറ്റിപ്പിടിച്ചിരുന്നു മിന്നാമിനുങ്ങും ഒരു വജ്രസൂചി ആയി പാറിപ്പറക്കുന്നു. കർക്കടക മാസത്തിലെ മിന്നാമിനുങ്ങുകൾ. കൂരാക്കൂരിരുട്ടിൽ മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം. വിഷയത്തിൽ വാർമതി ഇല്ല. അപ്പോഴാണ് തുളസിത്തറയിലെ കരിഞ്ഞ തിരി അമ്മയുടെ ശ്രദ്ധയിൽപ്പെട്ടത്. " ഓ! ഈ പെണ്ണിന്റെ ഒരു കാര്യം. ന്റേ മോളേ നിന്റെ മടി." എന്നൊക്കെ അമ്മ പിറുപിറുത്ത് ഉമ്മറ വരാന്തയിലേക്ക് കയറി. അമ്മ വേഗം കോലായിലേക്ക് പോയി." ഗൗരി മോളെ ഇങ്ങ് വാ."" അമ്മ പുളിച്ച ദോശമാവ് കൊണ്ട് ദോശയുണ്ടാക്കിത്തരാം." ഗൗരിയെ കണ്ടില്ല. മുറിയെന്നൊന്നും പറയാൻ സാധിക്കാത്ത ആ ഇടുക്കു മുറിയിലേക്കു അമ്മ കയറി. പുസ്തകത്താളുകളിൽ ഒരു കരിമ്പുഴ സൃഷ്ടിച്ചുകൊണ്ട് ഓടിന് വിടവിലൂടെ വെള്ളം ഊഴ്ന്നിറങ്ങുകയാണ്. എന്തുകൊണ്ടാണ് അമ്മ അത് മുഖവിലയ്ക്കെടുക്കുന്നില്ല. അപ്പോഴാണ് അമ്മയുടെ

ദൃഷ്ടാടിയിൽ കാഴ്ച പെട്ടത്. കീറിപ്പറിഞ്ഞ പുസ്തകങ്ങതാളുകളിലും വിരിപ്പിലും ശക്ത തുള്ളികൾ. അമ്മ"ഗൗരി" എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ടേയിരുന്നു. അമ്മ നിരന്നുനിൽക്കുന്ന വാഴത്തോപ്പിലേക്ക് ഒന്നോടി. പൊരിഞ്ഞോ മറ്റോ വീണത് കണ്ടത്. ചെളി പറ്റിപ്പിടിച്ച മൺ വെട്ടിയും. തികച്ചും യാദൃശ്ചികം, അപരിചിതം. മണ്ണിളകി കിടന്നിടത്ത് അമ്മ ഒന്നു കിളച്ചു നോക്കി. കണ്ടത്;ചെളി പുരണ്ട മകളുടെ ജഡം.

എന്താണ് സംഭവിച്ചതെന്ന് വർഷങ്ങൾക്കുശേഷമാണ് ആ അമ്മ അറിഞ്ഞത്.ലഹരിക്കടിമപ്പെട്ട

കുറച്ചു പേർ അൽപനേരത്തെ സന്തോഷത്തിനും വിനോദത്തിനുമായി തിരഞ്ഞെടുത്തത്മകളെയായിരുന്നെന്ന സത്യം.

വിതുമ്പുക യല്ലാതെ അമ്മ മനസ്സിന് എന്തുചെയ്യാൻ കാല് തേരിലേറി ആധുനിക കാലഘട്ടത്തിലും ഇത്തരത്തിൽ അറിയപ്പെടാതെ പോകുന്ന പല പീഡന കൊലപാതകങ്ങളും താങ്ങും തണലുമാകാൻ പൂത്തുലയാൻ ആഗ്രഹിക്കുന്ന എത്രയോ

**മൺമറഞ്ഞ മനസ്സുകൾ സ്വന്തം സഹോദരിയെ ഇല്ലാതാക്കാൻ കൊലപ്പെടുത്തുവാൻ ഒരു സഹോദരന് സാധിക്കുമോ? സ്നേഹനിധിയായ മക്കളെയും പിരിഞ്ഞ വിതുമ്പുന്ന മനസ്സുമായി ജീവിതം ജീവിച്ച തീർക്കുവാൻ അമ്മയ്ക്ക് സാധിക്കുമോ? നടക്കുന്നത് എങ്ങോട്ട് എന്നത് ഒരു വലിയ ചോദ്യചിഹ്നമായി അവശേഷിക്കുന്നു. വിതുമ്പുന്ന അമ്മ മനസ്സിനെ കണ്ണീരൊപ്പാൻ ആർക്ക് കഴിയും?**

***-ഭാവന.എം***

ലിറ്റിൽ കൈറ്റ്സ് ഉദ്ഘാടനം - പ്രകാശൻ കരിവെള്ളൂർ




K.M.V.H.S.S
KODAKKAD
little
KITEs



K.M.V.H.S.S
KODAKKAD
little
KITEs

# വിദ്യാർത്ഥികളുടെ ചിത്രരചന







## ലിറ്റിൽ കൈറ്റ് ഏകദിന പരിശീലന ക്യാമ്പ്



പ്രമോദ് മാസ്റ്റർ ക്ലാസ്സെടുക്കുന്നു

## *Listen to the god*



my dad said me to live
but not to leave
to overcome all conditions,
through his temptations.

He taught me how to say
and how to play.
I fell into dark

he brought me back.

As well as a father
he soled as a teacher
I'm a 'pearl' in his savings,
but I'm worse is his thinkings.

He said me “leaving is a loss,
a world lose.”
“death is a call,
but not to fall.”

He wants me to win,
but not through a sin.
He is a lord,as same as agod

## ***Kerala’s latest tragedy-why?***

*A big tragedy which changes the whole structure of our gods own country had occurred. Who is responsible for this ? What is responsible for this whole replacement.*
*It was a tragedy that had transformed the whole man kind to be self serviced. who is responsible for this tragedy was not answered. But we knew that the whole responsibility was ours to take care of our place where we were living. But what*

*we do cruelity.*

*Mining, uncontrolled construction of buildings , deforestation etc.*

*Such bad interactions made our environment unhealthy. But while doing such cruel*

*things,we the people who should take care our surroundings, didn't think that it will effect or cause our state this much. The foreigness who came to our country for enjoying the beauty of our country had surprised-no, frightened to see such things.*

*All the houses, buildings and all our environment had disappeared for few seconds.*

*Be had studied, heard for many times that we will suffer if we destroy our land. But we heard it by one year and lose by one ear. We burn plastics which was a big and harmful substance that cause many bad effects. The bad smoke liberated as a result of*

*burning of plastics will destroy ozone layer. This was a bad thing and this smoke will*

*pollute our environment. Many pollutions such soil pollution, air pollution, sound pollution etc. Had influenced a lot in destroying our environment. When this large*

*destruction had occurred, all of them thought about their bad contributions to our surroundings. But we people are not changing our bad habits. The thing that we can do and help*

*our environment to take back it's first position was keep our hands together, in unity we should conserve and hard work to prevent such had contributions. The whole resources, our rivers were all destroyed. We should help to afforest trees. If we should not do that, we will have to face many consequences. Our over exploitation was the main cause of this big tragedy. When these had occurred our whole mankind had cored*

*their life. poverty had strucked the life of people. They lost all their belongings.*

*But this tragedy was an example of the consequences that will come .*

*This tragedy changed the behaviours of people. They chained their hands and among all, they threw all caste, creed, religion etc. And helped one another. The fishermen had helped and contributed for others. Many camps were established and all so the soldiers were all so contributed a great in resolving the problems. We can say that, our pledge had worked, no we performed the things which was return in over pledge. We act as brothers and sisters and lived together and ate foods.*

*So, we should conserve our environment and treat others with love, kind and care. It was our responsibility to take case of our surroundings and help other. So, we should promise that we will say of conserve our environment*

*with out contributing bad things and will not pollute our natural resource.*

*Because we are indians and we should help and care all. We are children of our environment. All bad constructions should be avoided. And we should welcome a better and healthy and wealthy environment. For this we should stay together and maintain our resource.*

*Let this tragedy be an example of our living. We should convey all our messages and ideas to build a wealthy ad healthy environment.*

*Take care of our environment listen to its music, study its lessons. All things are teaching by our environment. But we are in active to accept it and perform it.*

*"Take care our environment and love it. Contribute good and healthy things.*
*Then live heart fully and with pleasure."*